# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4112.

20-03-2018 ൽ മറുപടിയ്ക്ക്

## ഓണാട്ടുകര പാടങ്ങളിൽ ഞവരകൃഷി

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ സഹായത്തോടെ ഓണാട്ടുകര പാടങ്ങളിൽ ഞവരകൃഷി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഹരിപ്പാട്, ചാരുമ്മൂട്, ചെങ്ങന്നൂർ കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർമാരുടെ കീഴിലുള്ള പാടശേഖരങ്ങളിൽ ഞവരകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഹരിപ്പാട് കൃഷി അസ്സിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ പള്ളിപ്പാട് വീയപുരം പഞ്ചായത്തുകളിലായി ഒരു ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്. ചാരുമ്മൂട് കൃഷി അസ്സിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ ചുനക്കര, നൂറനാട്, ഭരണിക്കാവ് പഞ്ചായത്തുകളിലായി 1.6 ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ കൃഷി അസ്സിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വെണ്മണി പഞ്ചായത്തിൽ 0.8 ഹെക്ടർ ഞവര കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകർ ഉദ്പാദിപ്പിക്കുന്ന ഞവര ശേഖരിക്കുന്നതിന് കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) | വിസ്തൃതിയും ഉല്പാദനവും കുറവായതിനാൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഞവര നെല്ലിന് ഡിമാന്റ് കൂടുതലായതിനാലും അവർ തന്നെ വിപണനം നടത്തുകയാണ് നിലവിലെ രീതി. |
| (സി) | നെൽപാടങ്ങളിൽ ഞവരകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | സമഗ്ര നെൽ കൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സവിശേഷ നെല്ലിനങ്ങളുടെ വ്യാപനം എന്ന പദ്ധതി പ്രകാരം നെല്പാടങ്ങളിൽ ഞവര കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിനു 10000/- രൂപ സബ്സിഡി നൽകുന്നു. |

സെക്ഷൻ ഓഫീസർ